**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5789** **27.10.2011- ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ധനസഹായം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ കമ്മീഷൻ 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര അവാർഡുകൾക്ക് ശുപാർശ ചെയ്തു; ആയതിൻപ്രകാരം കടാശ്വാസമായി എന്തു തുക നൽകാൻ സർക്കാർ ബാധ്യസ്ഥമായിരുന്നു; വ്യക്തമാക്കുമോ;<br><br>(ബി) ഇപ്രകാരം കമ്മീഷൻ ശുപാർശ ചെയ്ത അവാർഡുകൾക്കായി പ്രസ്തുത കാലയളവിൽ എന്തു തുക അനുവദിച്ചു; വ്യക്തമാക്കുമോ; | (എ) & (ബി) 2007-2008 മുതൽ 2010-2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കടാശ്വാസ കമ്മീഷൻ 1,71,407 അപേക്ഷകൾ തീർപ്പാക്കിയതിൽ 74,024 ഉപഭോക്താക്കൾക്കായി 89,69,19,257/- രൂപ ശിപാർശ ചെയ്തു. ഇപ്രകാരം കമ്മീഷൻ ശിപാർശ ചെയ്തതിൽ 62,45,33,625/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 14.38 കോടി രൂപ വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷി ഭൂമിയുള്ള കർഷകർ 30.6.2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25000/- രൂപ വരെയുള്ള കാർഷികകടങ്ങളുടെ ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന കമ്മീഷൻ ശിപാർശയനുസരിച്ച് നൽകിയതാണ്. |

(.........2)

| | |
|---|---|
| (സി) കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് പ്രഖ്യാപിച്ച കേസുകളിൽ സർക്കാർ വിഹിതം യഥാസമയം അനുവദിക്കാത്തതുമൂലം കർഷകരുടെ പണയാധാരം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വിട്ടുനൽകുന്നില്ലായെന്നതും അവാർഡ് പ്രഖ്യാപിച്ച തീയതി മുതലുള്ള പലിശയും പിഴ പലിശയും സർക്കാരിന്റെ വിഹിതം ലഭിക്കുന്നതുവരെയുള്ള കാലയളവുവരെ പ്രസ്തുത ബാങ്കുകൾ കണക്കാക്കി വരുന്നതായ സംഗതിയും ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. ഇക്കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ